(ബി) ഇത്തരത്തിലുള്ള ലംഘനങ്ങൾ നടത്തുന്ന വാഹന ഉടമകൾക്കെതിരെ കഴിഞ്ഞ 5 കൊല്ലം എന്ത് തുക പിഴ ഈടാക്കി;

(സി) ഇത്തരക്കാർ നടത്തുന്ന ട്രാഫിക് ലംഘനങ്ങൾ പലപ്പോഴും ഉദ്യോഗസ്ഥരുടെ ബോധപൂർവ്വമായ ഇടപെടൽ മൂലം നടപടി ഒഴിവാക്കലിന് വിധേയമാകുന്നത് സംബന്ധിച്ച് അഭിപ്രായം അറിയിക്കുമോ?

ഉത്തരം

(എ) ട്രാഫിക് നിയമ ലംഘനം നടത്തിയാൽ നിലവിലുള്ള മോട്ടോർവാഹന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പിഴ ഈടാക്കുകയോ, ഷോർട്ട് ടൈം ടാക്സ് ഈടാക്കുകയോ, ചെക്ക് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട സംസ്ഥാനത്തെ രജിസ്റ്ററിംഗ് അതോറിറ്റിക്ക് അയച്ചു കൊടുക്കുകയോ ചെയ്യാറുണ്ട്. ആവശ്യമെങ്കിൽ വാഹനം പിടിച്ചെടുക്കാറുമുണ്ട്.

(ബി) കഴിഞ്ഞ 5 കൊല്ലം കൊണ്ട് 2,71,08,541 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വാഹനങ്ങളിലെ തീവ്രത കൂടിയ ഹോൺ ഉപയോഗം

407 (385) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ തീവ്രത കൂടിയ ഹോൺ/ എയർഹോൺ ഉപയോഗിക്കുന്നത് നിയമംമൂലം തടഞ്ഞിട്ടുണ്ടോ; എങ്കിൽ നിയമലംഘനം കണ്ടെത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെല്ലാമാണ്;

(ബി) നിയമലംഘകർക്ക് നൽകുന്ന പിഴ ശിക്ഷ എത്രയാണ്;

(സി) നിസ്സാരമായ പിഴ ശിക്ഷ, കുറ്റം ആവർത്തിക്കുന്നതിന് പ്രേരണ നൽകുന്നുവെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതിന് പരിഹാരമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) സർക്കാർ വാഹനങ്ങളിൽ നിയമത്തിനനുസൃതമായ ഹോണുകൾ ഉപയോഗിച്ച് മാതൃകയാകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തടഞ്ഞിട്ടുണ്ട്. നിലവിൽ ഫീൽഡ് - ചെക്കിംഗിലൂടെയാണ് ഇത്തരത്തിലുള്ള നിയമലംഘനം കണ്ടെത്തുന്നത്. കൂടാതെ രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് വാഹനം ഹാജരാക്കുമ്പോഴും വാഹനത്തിൽ എയർ ഹോൺ അല്ല ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്താറുണ്ട്.

(ബി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 190 (2) പ്രകാരം 1000 രൂപയാണ് പിഴയിനത്തിൽ നിയമലംഘകരിൽ നിന്നും ഈടാക്കുന്നത്.

(സി) ഉണ്ട്. പിഴശിക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. പ്രസ്തുത കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി കത്തെഴുതിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 68, 143, 150, 158, 199, 200, 268 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

LIBRARY ARCHIVES Kerala Legislative Assembly